ഭരണാനുമതി കൊടുത്തു. ആകെ 2875 ലക്ഷം രൂപയാണ് ഈ സ്കീമിന്റെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്. എ.ആർ.ഡബ്ല്യൂ.എസ്.എസ്-ൽ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്റ്റുകൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ സാങ്കേതികാനുമതി ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഈ അടുത്ത സമയത്താണ് കൊടുത്തത്. ഇവിടെ അദ്ദേഹം പറഞ്ഞതിനകത്ത് ഒരു ഭാഗം വിട്ടുപോയി എന്നെനിക്ക് തോന്നുന്നു. ഇതിന്റെ ലോ ലെവൽ സോണിന് നിർമ്മിക്കേണ്ട സംഭരണിക്കുള്ള സ്ഥലം ഇതുവരെ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഞാനൊരു റിവ്യൂ നടത്തിയതനുസരിച്ച് സ്ഥലം കൈമാറ്റം ചെയ്ത് കിട്ടാതെ വന്നിട്ടുള്ള പ്രോജക്റ്റുകളെ സംബന്ധിച്ച് എം.എൽ.എ.മാർക്ക് പലർക്കും കത്ത് എഴുതിയിട്ടുണ്ട്. ആ സ്ഥലം കൂടി ലഭ്യമാക്കണം. എന്താണെങ്കിലും ലോ ലെവൽ സോണിലെ സംഭരണി ഒഴിവാക്കിക്കൊണ്ട് ബാക്കിയുള്ളത് ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോ ലെവൽ സംഭരണിക്കുള്ള സ്ഥലം കൂടി കിട്ടിയാലേ ഈ പ്രോജക്റ്റ് പൂർണ്ണമായി നമുക്ക് ആരംഭിക്കാൻ കഴിയൂ. ടെൻഡർ നടപടികൾ പൂർത്തിയാക്കി വരികയാണ്. ഉടനെ തന്നെ ടെൻഡർ ചെയ്യുന്നതാണ്.

(4) കോഴിക്കോട് ജില്ലയിലെ കോമട്ടുമീത്തൽ എന്ന സ്ഥലത്തെ ബാബുരാജൻ എന്ന ആളിന്റെ ദുരൂഹമരണം

ശ്രീ. യു. സി. രാമൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവട്ടൂർ പഞ്ചായത്തിൽ കോമട്ടുമീത്തൽ ബാബുരാജ്, 40 വയസ്സുള്ള ഒരു തെങ്ങുകയറ്റ തൊഴിലാളിയാണ്. കഴിഞ്ഞ ഒക്ടോബർ മാസം 28-ാം തീയതി
10 A.M.] അദ്ദേഹത്തിന്റെ തറവാട്ടുവീട്ടിലെ കിണറിൽ മരിച്ചുകിടക്കുന്നതായി കാണുകയുണ്ടായി. അദ്ദേഹത്തിനു വളരെ പരിചയമുള്ള സ്ഥലമാണത്. അദ്ദേഹം ജനിച്ചുവളർന്ന സ്ഥലമാണ്. അതുകൊണ്ട് ഇത് അപകടമരണമാകാൻ സാധ്യതയില്ല. അവിടെ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പോലീസ് ഉൾപ്പെടെയുള്ള എല്ലാ അധികാരികൾക്കും പരാതി കൊടുത്തു. ചേവായൂർ പോലീസ് അന്വേഷണം നടത്തി ഇതൊരു അപകടമരണമാണ് എന്നു പറഞ്ഞു തള്ളിയിരിക്കുകയാണ്. ആക്ഷൻ കമ്മിറ്റി ശക്തമായ സമരവുമായി മുന്നോട്ടു പോവുകയാണ്. ബാബുരാജിന്റെ മരണത്തിലെ ദുരൂഹത പുറത്തുകൊണ്ടു വരുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ മരണത്തെക്കുറിച്ച് ക്രൈം കേസ് എടുത്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വെള്ളത്തിൽ വീണു ശ്വാസംമുട്ടി മരിച്ചു എന്നാണ് ഉള്ളത്. മറ്റുതരത്തിൽ സംശയിക്കത്തക്ക തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. അന്വേഷണം നടത്തുന്ന ഒരു ഘട്ടത്തിൽ ആവശ്യമെന്നു തോന്നിയാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം. ഇപ്പോൾ ഊർജ്ജിതമായി അന്വേഷണം നടത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly